**No. CEE/4050/2016/KEAM-2017/TA1**

കേരള സർക്കാർ

**പ്രവേശന പരീക്ഷാ കമ്മീഷണറുടെ കാര്യാലയം**

ഹൗസിംഗ് ബോർഡ് ബിൽഡിംഗ്, ശാന്തി നഗർ, തിരുവനന്തപുരം - 695 001

## വിജ്ഞാപനം

# 2017- ലെ എം.ബി.ബി.എസ്/ബി.ഡി.എസ് പ്രവേശനം

**ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിലെ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി അപേക്ഷിച്ചവരുടെ താൽകാലിക കാറ്റഗറി ലിസ്റ്റ് പ്രസിദ്ധീകരിച്ചു.**

കരുണ മെഡിക്കൽ കോളേജ്, പാലക്കാട്, കണ്ണൂർ മെഡിക്കൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ ദന്തൽ കോളേജ്, അഞ്ചരക്കണ്ടി, കണ്ണൂർ എന്നീ പുതുതായി മൈനോറിറ്റി സർട്ടിഫിക്കറ്റുകൾ ക്ഷണിച്ചിട്ടുള്ള കോളേജുകൾ ഒഴികെയുള്ള ന്യൂനപക്ഷ പദവിയുള്ള സ്വകാര്യ സ്വാശ്രയ മെഡിക്കൽ/ഡെന്റൽ കോളേജുകളിൽ ബന്ധപ്പെട്ട ന്യൂനപക്ഷ സമുദായത്തിലെ വിദ്യാർത്ഥികൾക്കായി നീക്കിവച്ചിട്ടുള്ള മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്ക് പ്രവേശനത്തിനായി സമുദായം തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റുകൾ/രേഖകൾ സമർപ്പിച്ചിട്ടുള്ള അപേക്ഷകരുടെ കാറ്റഗറി തിരിച്ചുള്ള ലിസ്റ്റ് പ്രവേശന പരീക്ഷാ കമ്മീഷണറുടെ **www.cee-kerala.org** എന്ന വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്.

ന്യൂനപക്ഷ സമുദായം തെളിയിക്കുന്ന സർട്ടിഫിക്കറ്റുകൾ **09.05.2017**ലെ ബഹു.സുപ്രീം കോടതി വിധിയ്ക്ക് അനുസൃതമായി മൈനോറിറ്റി കോളേജ് അധികൃതർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയിട്ടുള്ള അപേക്ഷകരെ മാത്രമാണ് പ്രസ്തുത ലിസ്റ്റുകളിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

കൊല്ലം അസീസിയ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മെഡിക്കൽ സയൻസസ് ആന്റ് റിസർച്ച്-ലെ ന്യൂനപക്ഷ സമുദായ വിഭാഗങ്ങളുടെ കാറ്റഗറി ലിസ്റ്റ് സർക്കാർ നിർദ്ദേശം ലഭിക്കുന്ന മുറയ്ക്ക് പ്രസിദ്ധീകരിക്കുന്നതാണ്.

അനുവദിച്ചിട്ടുള്ള കാറ്റഗറി സംബന്ധമായ വിവരങ്ങൾ വിദ്യാർത്ഥികളുടെ ഹോം പേജിലും ലഭ്യമാണ്. ലിസ്റ്റ് സംബന്ധമായി എന്തെങ്കിലും പരാതികൾ ഉള്ള പക്ഷം ആവശ്യമായ തെളിവുകൾ സഹിതം **22.08.2017 വൈകുന്നേരം 5 മണിയ്ക്കു** മുൻപായി പ്രവേശന പരീക്ഷാ കമ്മീഷണർക്ക് സമർപ്പിക്കണം. നിശ്ചിത സമയത്തിനുശേഷം ലഭിക്കുന്ന പരാതികൾ പരിഗണിക്കുന്നതല്ല. പുതുതായി ഈ കാറ്റഗറികളിലേയ്ക്ക് സർട്ടിഫിക്കറ്റുകൾ സ്വീകരിക്കുന്നതല്ല.

പ്രവേശന പരീക്ഷാ കമ്മീഷണർ തിരുവനന്തപുരത്ത് വച്ച് നടത്തുന്ന സ്പോട്ട് അഡ്മിഷനിൽ മൈനോറിറ്റി കമ്മ്യൂണിറ്റി ക്വാട്ടാ സീറ്റുകളിലേയ്ക്കുള്ള പ്രവേശനം നടത്തുന്നതാണ്.

തിരുവനന്തപുരം
20.08.2017

**പ്രവേശന പരീക്ഷാ കമ്മീഷണർ**